# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.പി.റ്റി.എ.പി.12/865/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 18/07/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (AIMS മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട (email)
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി.12/865/2025 തീയ്യതി: 18/07/2025

# പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 25-06-2025 | 01-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-06-2025 | 01-07-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി ലക്ഷ്മി ജെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഇന്ദിരാദേവി ജെ. | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ലത എസ്. എ. | സെക്രട്ടറി | 01-04-2024 | 13-01-2025 |
| ശ്രീമതി ശ്രീകല ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-01-2025 | 14-01-2025 |
| ശ്രീ അനിൽ കുമാർ ആർ. എസ്. | സെക്രട്ടറി | 15-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രജനി എസ്സ്. | അസി.എഞ്ചിനീയർ | 01-04-2024 | 25-05-2024 |
| ശ്രീ അരുൺ സേവ്യർ | അസി.എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 26-05-2024 | 18-09-2024 |
| ശ്രീ ശ്രീജിത്ത് എ. എച്ച്. | അസി.എഞ്ചിനീയർ | 19-09-2024 | 19-10-2024 |
| ശ്രീ ഉദ്ദീഷ് യു. | അസി.എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 20-10-2024 | 21-10-2024 |
| ശ്രീമതി ആശ | അസി.എഞ്ചിനീയർ | 22-10-2024 | 31-03-2025 |
| ശ്രീമതി ബിന്ദു എസ്സ്. കരുണാകരൻ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | 01-04-2024 | 16-12-2024 |
| ശ്രീമതി സംഗീത പദ്മരാജൻ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | 17-12-2024 | 31-03-2025 |
| ശ്രീമതി താര വി. | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സുനിതാ ബീഗം | ക്ഷീര വികസന ഓഫീസർ | 01-04-2024 | 28-07-2024 |

| | | | |
|---|---|---|---|
| ശ്രീമതി മഞ്ചു എസ്. | ക്ഷീര വികസന ഓഫീസർ | 29-07-2024 | 31-03-2025 |
| ഡോ. സന്തോഷ് | മെഡിക്കൽ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ സുനിൽകുമാർ ആർ. | അസി.ഡയറക്ടർ, കൃഷി | 01-04-2024 | 31-03-2025 |
| ശ്രീ ആനന്ദ് എസ്സ്. വിജയ് | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി മീന ഒ. എസ്. | സൂപ്രണ്ട്, വൃദ്ധമന്ദിരം | 01-04-2024 | 31-03-2025 |
| ശ്രീമതി നിസ എ. | സൂപ്രണ്ട്, മഹിളാമന്ദിരം | 01-04-2024 | 31-03-2025 |
| ശ്രീ ഷിഹാബുദ്ധീൻ എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2024 | 29-06-2024 |
| ശ്രീമതി ജനീഷ എസ്. മുഹമ്മദ് | വ്യവസായ വികസന ഓഫീസർ (അഡീഷണൽ ചാർജ്ജ് ) | 30-06-2024 | 04-07-2024 |
| ശ്രീ പ്രവീൺ പ്രകാശ് | വ്യവസായ വികസന ഓഫീസർ | 05-07-2024 | 07-08-2024 |
| ശ്രീ ജയപ്രസാദ് കെ | വ്യവസായ വികസന ഓഫീസർ (അഡീഷണൽ ചാർജ്ജ് ) | 08-08-2024 | 01-09-2024 |
| ശ്രീ ദീപു ജെ | വ്യവസായ വികസന ഓഫീസർ | 02-09-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല | 1-1-3 |
| 5 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | സംയുക്ത പ്രോജക്ടുകളുടെ വിഹിതമിനത്തിലുള്ള സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും CAPITAL WORK IN PROGRESS ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല | 1-1-7 |
| 9 | ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റിനത്തിലെ വരവ് തുകകൾ കൃത്യമല്ല | 1-1-8 |
| 10 | വിനിയോഗ സാക്ഷ്യപത്ര വിവരം ഹാജരാക്കിയിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഷിക കണക്കിൽ ക്രമീകരണം നടത്തിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 20 | ഫണ്ട് വിനിയോഗത്തിലെ കുറവ്- ഫണ്ട് ഷോർട്ട്ഫാളിന് കാരണമാകും | 1-10 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - തുടർ നിരീക്ഷണം ഫലപ്രദമല്ല | 1-11 |
| 22 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല | 1-12 |
| 23 | എഗ്രിമെന്റ് വച്ച പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചില്ല | 1-13 |
| 24 | മരുന്നുകൾ ലഭ്യമായില്ല | 1-14 |
| 25 | ലോൺ തുക അക്കൗണ്ടിൽ ലഭ്യമാകാതെ സബ്സിഡി നൽകി | 1-15 |
| 26 | ആസൂത്രണത്തിലെ പിഴവ് - പ്രോജക്ട് നടപ്പായില്ല | 1-16 |
| 27 | യോഗ മിനിട്ട്സ് അംഗീകാരത്തിന് സമർപ്പിക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല | 1-17 |

| | | |
|---|---|---|
| 28 | കേരളോൽസവം ചെലവ് തുക പൂർണ്ണമായും പ്രോജക്ടിൽ ഉൾപ്പെടുത്തിയില്ല | 1-18 |
| 29 | പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള പദ്ധതിക്ക് തുക വിനിയോഗിച്ചു | 1-19 |
| 30 | കരാർ കാലയളവ് ദീർഘിപ്പിച്ച് വാങ്ങാത്ത കരാറുകാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 1-20 |
| 31 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകൾ - നിർദ്ദേശം പാലിച്ചില്ല | 1-21 |
| 32 | തിരികെ ലഭിച്ച വികസന ഫണ്ട് സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചില്ല | 1-22 |
| 33 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.05.2025 ലെ 4(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06.06.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**18/07/2025**
**പത്തനംതിട്ട**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ

## പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)2,092,919 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)50,48,905 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല

പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിര ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-1-4 ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ പേരിലുളള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ പേരിലുളള ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

I) SBI MGNREGS – അക്കൗണ്ട് നം. 67109405758

Ii) UCO ബാങ്ക് - അക്കൗണ്ട് നം. 13340110054857

Ii) KGB BDO ELANTHOOR MP LADS – അക്കൗണ്ട് നം.40675101003697

## 1-1-5 സംയുക്ത പ്രോജക്ടുകളുടെ വിഹിതമിനത്തിലുള്ള സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവായ കാണിച്ച തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-6 ആസ്തി സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലിലെ തുകയും CAPITAL WORK IN PROGRESS ആയി ഉൾപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B11(a) പ്രകാരം CAPITAL WORK IN PROGRESS 100000 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം പാർട്ട് ബിൽ തുക 946983 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-1-7 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ ഫോർഫീറ്റ് ചെയ്തില്ല

ഷെഡ്യൂൾ ബി-7: Deposits Received- കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്ത് റവന്യു ഹെഡിലേക്ക് മാറ്റിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---:|
| 340100101 | Contractor's EMD | 5000 |
| 340100201 | Contractor's Security Deposit | 5500 |

## 1-1-8 ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റിനത്തിലെ വരവ് തുകകൾ കൃത്യമല്ല

ധനകാര്യ കമ്മീഷൻ – അൺടൈഡ് ഗ്രാന്റിനത്തിൽ Unspent Balance ആയി ജി.ഒ (ആർ.ടി) നം-2075/2025/Fin തീയതി 04-03-2025 പ്രകാരം 74 രൂപയും ജി.ഒ (ആർ.ടി) നം-4802/2024/Fin തീയതി

18-06-2024 പ്രകാരം 75 രൂപയും ഉൾപ്പെടെ 149 രൂപ ലഭിച്ചത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗ്രാന്റിനത്തിലും ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പിലും 149 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-9 വിനിയോഗ സാക്ഷ്യപത്ര വിവരം ഹാജരാക്കിയിട്ടില്ല

വിനിയോഗ സാക്ഷ്യപത്ര വിവരം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KWA, KSEB തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകകളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിവരം B 18 പത്രികയിൽ ചേർത്തിരിക്കുന്നതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-1-10 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഷിക കണക്കിൽ ക്രമീകരണം നടത്തിയിട്ടില്ല

ഷെഡ്യൂൾ B18: 2023-24 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുകയിൽ 4,71,396 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം 2024-25 വർഷം ലഭിച്ചതാണ്. പ്രസ്തുത തുക ഉൾപ്പെടെയുള്ള 19,19,396 രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചതിൽ വിനിയോഗിക്കാൻ അവശേഷിക്കുന്നുവെന്ന് ഷെഡ്യൂൾ B18: പത്രികയിൽ ചേർത്തിരിക്കുന്നു. തൻവർഷം നിക്ഷേപിച്ച 14,48,000 രൂപയാണ് വിനിയോഗിക്കാൻ അവശേഷിക്കുന്നത്.

## 1-2 ബജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി, തീരുമാനം | 08.02.2024 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 09.02.2024 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | 21.02.2025 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | |
|---|---|---|---|
| | ബജറ്റ് പ്രകാരം | (റസീറ്റ് & പേയ്മെന്റ് പ്രകാരം) | (ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) |
| മുന്നിരിപ്പ് | 11713794 | 10902425 | |
| വരവ് | 156215979 | 65536360 | 52816808 |
| ആകെ | 167929773 | 76438785 | |
| ചെലവ് | 158919062 | 67629279 | 48038854 |
| നീക്കിയിരിപ്പ് | 9010711 | 8809506 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീറ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 10902425 | |
| വരവ് | 65536360 | 52816808 |
| ആകെ | 76438785 | |
| ചെലവ് | 67629279 | 48038854 |
| നീക്കിയിരിപ്പ് | 8809506 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17524000 | 17524000 | 17338116 | 0 | 0 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 13655000 | 13655000 | 11436564 | 0 | 0 |
| വികസന ഫണ്ട് - റ്റി,എസ്.പി | 0 | 82000 | 82000 | 60000 | | 5600 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 16036 | 6654104 | 6670140 | 2785807 | 3884333 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 8931 | 3034080 | 3043011 | 2952000 | 91011* | 0 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ് | 0 | 6618000 | 6618000 | 3064757 | 0 | 2229643 |
| ഐ.എ.വൈ | 3978399 | 113561 | 4091960 | 4032000 | 59960 | 0 |
| നിർമൽ പുരസ്കാർ | 341899 | 9056 | 350955 | 180477 | 170478 | 0 |
| ഹെൽത്ത് ഗ്രാന്റ് | 2009996 | 2942375 | 4952371 | 1001637 | 3950734 | 0 |
| പി.എം.എ.വൈ - ബ്ലോക്ക് | 1047772 | 28607 | 1076379 | 1008000 | 68379 | 0 |
| പി.എം.എ.വൈ – ജില്ലാ ഗ്രാമപഞ്ചായത്ത് | 2815341 | 143131 | 2958472 | 2940015 | 18457 | 0 |

ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 659800 വീതം 11 ഗഡുക്കളായി 7257800 രൂപയും ഒരു ഗഡുവായി 659200 രൂപയും ഉൾപ്പെടെ 7917000 രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

*ധനകാര്യ കമ്മീഷൻ-അൺടൈഡ് ഗ്രാന്റിനത്തിൽ Unspent Balance ഇനത്തിൽ 149 രൂപ ട്രഷറി അലോട്ട്മെന്റ് മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു { ജി.ഒ (ആർ.ടി) നം-2075/2025/Fin തീയതി 04-03-2025 പ്രകാരം 74 രൂപയും ജി.ഒ (ആർ.ടി) നം-4802/2024/Fin തീയതി 18-06-2024 പ്രകാരം 75 രൂപയും ഉൾപ്പെടെ 149 രൂപ}.എന്നാൽ പ്രസ്തുത ഇനത്തിലുള്ള വരവ് തുകയായ 149 രൂപ വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗ്രാന്റിനത്തിലും ഷെഡ്യൂൾ ബി -4 പ്രകാരമുള്ളതുമായ നീക്കി ബാക്കി തുകകൾ തമ്മിൽ 149 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-5 പദ്ധതി അവലോകനം

2024-25 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 135 | 91192376 | 37 | 45363333 | 98 | 49.74 |

(സുലേഖാ ചെലവ് പത്രികയിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ പദ്ധതിക്കുവേണ്ടി ചെലവായ ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ പൂർണ്ണമായി ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവുതുകയാണ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.)

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ | ആവിഷ്ക്കരിച്ച | നടപ്പിലാക്കിയ | അടങ്കൽ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | പ്രോജക്ടുകൾ | തുക | തുക | ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 10 | 9 | 3137184 | 2528674 | 80.60 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 54 | 39 | 40395429 | 19879826 | 49.21 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 11 | 9 | 4264314 | 2663499 | 62.46 |
| പട്ടികജാതി വികസന ഓഫീസർ | 6 | 5 | 6288110 | 5398110 | 85.84 |
| അസി.ഡയറക്ടർ കൃഷി | 6 | 6 | 2990511 | 2969762 | 99.30 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 2468554 | 1412843 | 57.23 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1062500 | 850000 | 80 |
| അസി.എക്സി. എഞ്ചിനീയർ | 6 | 3 | 12620991 | 4357276 | 34.52 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 34 | 19 | 17604783 | 4943343 | 28.07 |
| സൂപ്രണ്ട്, മഹിളാമന്ദിരം/ വൃദ്ധമന്ദിരം | 2 | 2 | 360000 | 360000 | 100 |
| ആകെ | 135 | 98 | 91192376 | 45363333 | 49.74 |

പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച മോണിട്ടറിംഗ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതാണ്. മോണിട്ടറിംഗ് സമിതികളായി മാറുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ വിലയിരുത്തലുകൾ നടത്തേണ്ടതാണ്. പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുണ്ടെന്ന് 2024-25 വർഷത്തെ പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തുമായി ചർച്ച നടത്തുകയോ പ്രോജക്ടിന്റെ ആവശ്യകത വിലയിരുത്തുകയോ ചെയ്യാത്തതിനാൽ അങ്കണവാടികൾക്ക് കുഴൽകിണർ നിർമ്മിക്കാൻ ഭൂജലവകുപ്പിന് കൈമാറിയ തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കേരളോൽസവം പ്രോജക്ട് നടപ്പാക്കിയപ്പോൾ ആകെ 173089 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും തനത് ഫണ്ടിൽ നിന്നും നൽകിയ 100000 രൂപ പ്രോജക്ടിന്റെ ഭാഗമാക്കിയിട്ടില്ല. വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 73089 രൂപ മാത്രമാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതും ലഭ്യമാകുന്ന തുക ഫലപ്രദമായ രീതിയിൽ വിനിയോഗിക്കേണ്ടതുമാണ്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ് ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 3417.40 | | |
| തനത് ഫണ്ടിൽ | 726013 | തനത് ഫണ്ട് | 614358 |

| | | | |
|---|---|---|---|
| നിന്നുള്ള അഡ്വാൻസ് | | മുൻകൂർ തിരികെ | |
| ഇ.എഫ്.എം.എസ് | 637013 | ഭരണചെലവ് | 755314 |
| ട്രെയിനിംഗ് അഡ്വാൻസ്(കില) | 49688 | ട്രെയിനിംഗ് | 49688 |
| പലിശ | 3229 | | |
| | | നീക്കിയിരിപ്പ് | 0.4 |
| **ആകെ** | 1419360.4 | **ആകെ** | 1419360.4 |

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന തുകകൾ സെക്രട്ടറിയുടെ പേരിലുള്ള 67109405758(SBI) അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. എന്നാൽ ഈ അക്കൗണ്ടിലെ സാമ്പത്തിക വിനിമയങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. ആയത് തുടർന്നുള്ള വർഷങ്ങളിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം

കാലികമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകളില്ലാതെ പരിപാലിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം വിവിധ സെക്ഷനുകൾക്ക് ജോലി വിഭജിച്ച് നൽകുകയും ആയത് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ഇ-ടെണ്ടർ നടപടികൾക്കായുള്ള അക്കൗണ്ടിൽ വർഷാവസാനം അവശേഷിക്കുന്ന സമയബന്ധിതമായി തനത് ഫണ്ടിലേക്ക് മാറ്റുന്നുണ്ട്.

അതത് മാസങ്ങളിലെ വരവു ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വാഹനങ്ങളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കുകളിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.06.2025 03.30 PM-ന് സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പ് ഇല്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-08-2013 | 2012-13 | 11.10.2013 |
| പെർഫോമൻസ് ഓഡിറ്റ് | 2022 ജനുവരി 18, 19, 20, ഫെബ്രുവരി 4 | 2019-20, 2021 ഡിസംബർ | 22.04.2022 |

## 1-10 ഫണ്ട് വിനിയോഗത്തിലെ കുറവ്- ഫണ്ട് ഷോർട്ട്ഫാളിന് കാരണമാകും

സ.ഉ.(കൈ)നം. 79/2021/ഫിൻ., തീയതി 15-07-2021 പ്രകാരം വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടിക ജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽനിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്.

വിനിയോഗ ശതമാനം 80-ൽ കുറവാണെങ്കിൽ യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫാൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി/ടി.എസ്.പി ഫണ്ടുകളിൽ സംഭവിക്കുന്ന ഇപ്രകാരമുള്ള ഷോർട്ട് ഫാൾ തുക തുടർന്നുള്ള വർഷങ്ങളിലെ വികസന ഫണ്ട് പൊതു വിഭാഗത്തിൽനിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതതുമാണ്. 2024-25 സാമ്പത്തിക വർഷം വികസന ഫണ്ട് ടി.എസ്.പി, സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ വിഭാഗങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. തൻവർഷം 80% -ത്തിൽ അധികം തുക ചെലവഴിക്കാതെ ഷോർട്ട് ഫാളായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക (2024-25 വർഷത്തേക്ക്) | ഷോർട്ട് ഫോൾ (തിരികെ കിട്ടാത്ത തുക ) |
|---|---|---|---|---|---|
| വികസന ഫണ്ട് – റ്റി.എസ്. പി | 82000 | 60000 | 73.17 | 16400 | 5600 |
| സംരക്ഷണഗ്രാന്റ് -റോഡിതരം | 6618000 | 3064757 | 46.30 | 1323600 | 2229643 |

അനുവദിക്കപ്പെട്ട ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ യഥാസമയം നിർവ്വഹണം നടത്താത്തത് മൂലം ഗ്രാമപഞ്ചായത്തിന് ഭീമമായ ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ വിഷയം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലും ഉണ്ടാകേണ്ടതാണ്.

## 1-11 ഡെപ്പോസിറ്റ് പ്രവൃത്തികൾ - തുടർ നിരീക്ഷണം ഫലപ്രദമല്ല

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ, കുഴൽകിണർ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ചുവടെ ചേർത്തിരിക്കും പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | തുക കൈപ്പറ്റിയ സ്ഥാപനം | തുക |
|---|---|---|---|
| 1 | വിവിധ ഡിവിഷനുകളിൽ അങ്കണവാടികളിൽ കുഴൽകിണർ നിർമ്മാണം (78/25 ) | ഭൂജലവകുപ്പ്, പത്തനംതിട്ട | 475000 |
| 2 | വിവിധ ഡിവിഷനുകളിൽ അങ്കണവാടികളിൽ കുഴൽകിണർ നിർമ്മാണം (45/25) | ഭൂജലവകുപ്പ്, പത്തനംതിട്ട (പ്രോജക്ടിന് ചെലവായ 944090 രൂപയിൽ 27090 രൂപ സർവ്വേയ്ക്കുള്ള ചെലവാണ്. ആയതിന്റെ റിപ്പോർട്ട് തൻ വർഷം ലഭിച്ചിരുന്നു.) | 917000 |
| 3 | വിവിധ ഡിവിഷനുകളിൽ ലൈൻ എക്സ്റ്റൻഷൻ (53/25) | കെ.എസ്.ഇ.ബി., കൈപ്പട്ടൂർ | 134142 |
| | | കെ.എസ്.ഇ.ബി., പത്തനംതിട്ട | 199943 |
| | | കെ.എസ്.ഇ.ബി., കുളനട | 18868 |

| | | | |
|---|---|---|---|
| | | കെ.എസ്.ഇ.ബി., കോഴഞ്ചേരി | 498357 |
| | | കെ.എസ്.ഇ.ബി., ഇലവുംതിട്ട | 150429 |
| 4 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടത്തിന് കുഴൽകിണർ നിർമ്മാണം (124/25) | ഭൂജലവകുപ്പ്, പത്തനംതിട്ട (പ്രോജക്ടിന് ചെലവായ 57935 രൂപയിൽ 1935 രൂപ സർവ്വേയ്ക്ക് നൽകിയതാണ്. ആയതിന്റെ റിപ്പോർട്ട് തൻവർഷം ലഭിച്ചിരുന്നു.) | 56000 |
| | ആകെ | | 2449739 |

മേൽ പറഞ്ഞിരിക്കുന്നതിൽ ക്രമ നം. 2-ൽ ഉൾപ്പെട്ട തുക നൽകിയ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ 118-ാം നമ്പർ അങ്കണവാടിയിൽ നിർമ്മാണ യൂണിറ്റ് എത്തിച്ചേരാത്തതിനാലും, 57-ാം നമ്പർ അങ്കണവാടിയിൽ പൈപ്പ് കണക്ഷൻ ഉള്ളതിനാൽ കുഴൽ കിണർ ആവശ്യമില്ലെന്ന മെമ്പറുടെ അഭിപ്രായവും കാരണം ഈ രണ്ട് അങ്കണവാടികളിലെ കുഴൽകിണർ നിർമ്മാണം സാധ്യമല്ലെന്ന് ഭൂജലവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിനായി ഭൂജലവകുപ്പിൽ ഒടുക്കിയ 365000 രൂപ ക്രമീകരിക്കുന്നതിനും, തുക നൽകിയ മറ്റ് പ്രോജക്ടുകളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ യഥാകാലങ്ങളിൽ വിലയിരുത്തേണ്ടതും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി, വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് വിവിധ വർഷങ്ങളിൽ (2018-19 മുതൽ 2024-25 വരെ) നടപ്പാക്കിയ പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ നൽകിയ തുക | ആരംഭിച്ച വർഷം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ഗോകുൽ എം.ആർ, മുറിപ്പാറ മാടുമേലിൽ, കടമ്മനിട്ട | 150000 | 2018-19 | മെയിൻ വാർപ്പ് കഴിഞ്ഞു. ഭിത്തി തേച്ചു. ജനൽ പാളികൾ ഇടാൻ ഉണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| 2 | നന്ദു വിജയകുമാർ, മറുകര പറമ്പിൽ, ഇലന്തൂർ പി.ഒ. | 150000 | 2019-20 | മെയിൻ വാർപ്പ് കഴിഞ്ഞു. മറ്റു പണികൾ പൂർത്തീകരിച്ചിട്ടില്ല. |
| 3 | ആരോമൽ എസ്. സന്തോഷ്, പാറയിൽ വീട്, നാരങ്ങാനം | 150000 | 2019-20 | മെയിൻ വാർപ്പ് കഴിഞ്ഞു. മറ്റു പണികൾ പൂർത്തീകരിച്ചിട്ടില്ല. |
| 4 | സജിമ സത്യൻ, കടവന്ത്ര വീട്, പുന്നയ്ക്കാട്, മല്ലപ്പുഴശ്ശേരി | 125000 | 2021-22 | മെയിൻ വാർപ്പ് കഴിഞ്ഞു. മറ്റു പണികൾ പൂർത്തീകരിച്ചിട്ടില്ല. |
| 5 | രജിൻ രാജേഷ്, അഴകത്ത് മേലേതിൽ, നാരങ്ങാനം | 125000 | 2022-23 | ലിന്റൽ ലെവൽ വരെ മാത്രമാണ് പണി പൂർത്തിയാക്കിയത്. |

| | | | | |
|---|---|---|---|---|
| 6 | കൃഷ്ണപ്രിയ, പുതുവേലിൽ പുത്തൻവീട്, ഓമല്ലൂർ | 125000 | 2022-23 | ലിന്റൽ ലെവൽ വരെ മാത്രമാണ് പണി പൂർത്തിയാക്കിയത്. |
| 7 | നിത്യ നിതിൻ, ചിറയത്ത് ചരിവുപുരയിടം, ആലുങ്കൽ | 30000 | 2024-25 | ഒന്നാം ഘട്ടം പണിയാൻ ആദ്യ ഗഡു 30000 രൂപ നൽകി. പണി പൂർത്തിയാക്കാത്തതിനാൽ ടി തുക തിരിച്ചടക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/25-06-2025) മറുപടിയായി എല്ലാ ഗുണഭോക്താക്കൾക്കും നിർമ്മാണ പ്രവർത്തിയുടെ പുരോഗതിക്ക് അനുസൃതമായി മാത്രമാണ് ധനസഹായം നൽകിയതെന്നും, എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും പണി പൂർത്തീകരിക്കാത്ത എല്ലാ ഗുണഭോക്താക്കൾക്കും കൈപ്പറ്റിയ ഗഡുക്കൾ തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും, വർഷങ്ങളായി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽനിന്നും തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാൻ ഭരണസമിതിയുടെ തീരുമാനം ആരാഞ്ഞിട്ടുണ്ടെന്നും, നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-13 എഗ്രിമെന്റ് വച്ച പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിലെ അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള മൂന്ന് മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് കാലയളവിനുള്ളിൽ പൂർത്തീകരിക്കാതെ 2025-26 സാമ്പത്തിക വർഷവും സ്പിൽ ഓവറായി തുടരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റ പേരും നമ്പരും | പ്രോജക്ടിന്റ തരം | വർഷം | വകയിരുത്തിയ തുക | എഗ്രിമെന്റ് തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം (34/24) | പുതിയത് | 2023-24 | 1000000 | 26-12-2023 | ശ്രീ. ശ്രീകുമാർ.പി |
| | ,, (92/25) | സ്പിൽ ഓവർ | 2024-25 | 1000000 | | |
| 2 | ഇലന്തൂർ സി.എച്ച്.സി റീട്ടെയിനിംഗ് വാൾ നിർമ്മാണം (104/23) | പുതിയത് | 2022-23 | 3300000 | 04-01-2023 | ശ്രീ. വിജയകുമാരൻ നായർ.കെ |
| | ,, (89/24) | സ്പിൽ ഓവർ | 2023-24 | 2805500 | | |
| | 104/25 ,, | സ്പിൽ ഓവർ | 2024-25 | 2805500 | | |
| 3 | കുഴിക്കാല ഡിവിഷൻ കുറുന്താർ കോളനി റോഡ് | പുതിയത് | 2023-24 | 1085563 | 01-01-2024 | ശ്രീ. കെ.ജെ ബിജു |

| | | | | |
|---|---|---|---|---|
| | പുനരുദ്ധാരണം (100/24) | | | |
| | ,, (103/25) | സ്പിൽ ഓവർ | 2024-25 | 1000000 |

മുകളിൽപറഞ്ഞ പ്രവൃത്തികളെല്ലാം തന്നെ എഗ്രിമെന്റ് വച്ച തീയതി പ്രകാരം പൂർത്തീകരണ കാലയളവ് കഴിഞ്ഞതാണ്. എഗ്രിമെന്റ് വച്ചതിന് ശേഷം പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻകയറി (നം.11/28-06-2025) നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം. 1 പ്രകാരമുള്ള പ്രവൃത്തിക്ക് നിലവിലുള്ള പഴയ ബ്ലോക്ക് ഓഫീസിന്റെ പിൻഭാഗത്ത് സ്ഥലം നിശ്ചയിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചത്. എന്നാൽ പുതിയ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിന് സമീപം ടോയിലറ്റ് നിർമ്മിച്ചാൽ മതിയെന്നുള്ള ഭരണസമിതിയുടെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പഴയ പ്രോജക്ട് തുടരാൻ കഴിയാത്ത സാഹചര്യമാണ്.

ക്രമ നം. 2 പ്രകാരമുള്ള പ്രവൃത്തിയിൽ നിർമ്മാണത്തിന്റെ ആദ്യഘട്ടമായി മണ്ണ് കട്ടിംഗ് ആരംഭിച്ചതാണെങ്കിലും പാറയുടെ സാന്നിദ്ധ്യം മൂലം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയുമാണ് ചെയ്തത്. നിലവിൽ പാറയും മണ്ണും നീക്കം ചെയ്തെന്നും റീട്ടെയിനിംഗ് വാൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്

ക്രമ നം.3 പ്രകാരമുള്ള പ്രവൃത്തിയിൽ വെള്ളക്കെട്ടും പ്രതികൂലമായ കാലാവസ്ഥയും പൈപ്പ് ലൈൻ പ്രവൃത്തികളും മൂലമാണ് യഥാസമയം പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. പ്രോജക്ടിന്റെ ഭാഗമായ ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചുവെന്നും കോൺക്രീറ്റിംഗ് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

മുകളിൽ പറഞ്ഞ പ്രവൃത്തികളെല്ലാം തന്നെ എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ് കഴിഞ്ഞതാണ്. യാതൊരു ചെലവുമില്ലാതെ സ്പിൽ ഓവറായി തുടരുന്ന ഈ പ്രവൃത്തികളിൽ വലിയ ഫണ്ടാണ് വകയിരുത്തിയിട്ടുള്ളത്. തന്മൂലം ഇപ്രകാരമുള്ള പ്രവൃത്തികൾ തുടരുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗത്തിലെ കുറവിന് ഒരു വലിയ കാരണമാകുന്നു. പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ കഴിയാത്തവ ഉപേക്ഷിക്കേണ്ടതും നിർവ്വഹണം പൂർത്തിയാക്കാൻ സാധിക്കുന്നത് പൂർത്തീകരിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 മരുന്നുകൾ ലഭ്യമായില്ല

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ഇലന്തൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകളിലായി 1600000 രൂപ കെ.എം.എസ്.സി.എൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിരുന്നു. എന്നാൽ 1380942 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | ഡെപ്പോസിറ്റ് ചെയ്ത തുക | ലഭ്യമായ മരുന്നിന്റെ വില | അവശേഷിക്കുന്നത് | ബിൽ നമ്പരും തീയതിയും |
|---|---|---|---|---|---|
| 1 | ജീവനി പദ്ധതി (39/25) | 350000 | 70244 | 279756 | 257/04-01-2025 |
| 2 | ഇലന്തൂർ കമ്മ്യൂണിറ്റി സെന്ററിലേക്ക് മരുന്ന് വാങ്ങൽ (24/25) | 1000000 | 124749 | 875251 | 174/12-11-2024<br>175/12-11-2024 |
| 3 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സെക്കന്ററി | 250000 | 24065 | 225935 | 391/06-03-2025 |

| | | | | | |
|---|---|---|---|---|---|
| | പാലിയേറ്റീവ് കെയർ യൂണിറ്റ് (28/25) | | | | |
| | ആകെ | 1600000 | 219058 | 1380942 | |

മരുന്നുകൾ യഥാസമയം ലഭ്യമാകാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ഈ വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-15 ലോൺ തുക അക്കൗണ്ടിൽ ലഭ്യമാകാതെ സബ്സിഡി നൽകി

വ്യവസായ വികസനഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിലിനു സബ്സിഡി (55/25) നൽകുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1000000 രൂപ അടങ്കൽ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും, ചുവടെ ചേർത്തിരിക്കും പ്രകാരം നാല് ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡി 850000 രൂപ നൽകിയിട്ടുമുണ്ട്.

| ക്രമനം | ഗ്രൂപ്പ്, പഞ്ചായത്ത് | സംരംഭം | നൽകിയ തുക | ബിൽനം. |
|---|---|---|---|---|
| 1 | യുണീക് കളക്ഷൻസ്, നാരങ്ങാനം<br>അശ്വതി വി നായർ,<br>ദീപ റ്റി.എം | റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് നൽകൽ | 224500 | 533/26-3-2025 |
| 2 | സ്റ്റിച്ച് വെൽ, ചെന്നീർക്കര<br>ജിനു ഉല്ലാസ്,<br>സജനി | റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് നൽകൽ | 273750 | 499/21-3-2025 |
| 3 | രുചിയിടം റസ്റ്റോറന്റ്<br>വിനയ സുനിൽ,<br>ഷേർലിദാസ് | ഹോട്ടൽ | 247875 | 474/15-3-2025 |
| 4 | വസ്ത്ര ബൂട്ടിക്, ഓമല്ലൂർ<br>വൽസല എ,<br>ലാലി ജോസ് | റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് നൽകൽ | 103875 | 455/12-3-2025 |

മേൽപറഞ്ഞവയിൽ ക്രമനം. 4 ഒഴികെയുള്ള ബാക്കി മൂന്ന് യൂണിറ്റുകളും നാളിതുവരെയായി പ്രവർത്തനം തുടങ്ങിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങൾ സംരംഭങ്ങൾ തുടങ്ങാത്തതിനുകാരണം, സ്ഥാപനങ്ങൾക്ക് ലോൺ തുക ലഭ്യമായതിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (14/30-6-2025) നൽകിയതിന് മറുപടിയായി ക്രമനം. 1,3 എന്നീ സ്ഥാപനങ്ങൾക്ക് യൂക്കോ ബാങ്ക് മല്ലപ്പുഴശ്ശേരി, ക്രമനം.2 സ്ഥാപനത്തിന് കാനറാ ബാങ്ക്, പത്തനംതിട്ട എന്നിവിടങ്ങളിൽനിന്നും ലോൺ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ചിരുന്നെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ലോൺ അക്കൗണ്ടിലേയ്ക്കാണ് സബ്സിഡി തുക അനുവദിച്ച് നൽകിയതെന്നും വിശദീകരിച്ചിരിക്കുന്നു. ലോൺ അനുവദിച്ച ശേഷം വീണ്ടും അനുബന്ധ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ചിരിക്കുകയാണെന്നും ആയതിനാലാണ് സ്ഥാപനങ്ങൾ തുടങ്ങാൻ വൈകുന്നതെന്നും ഉടൻതന്നെ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുക പിൻവലിക്കാൻ അനുമതി നൽകുകയുള്ളുവെന്ന ബാങ്കുകളുടെ അറിയിപ്പും മറുപടിയ്ക്കൊപ്പം ചേർത്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് ലോൺ തുക ലഭ്യമാകാതെ, ലോൺ തിരിച്ചടവിനുള്ള സബ്സിഡി നൽകിയിരിക്കുകയാണ്. അക്കൗണ്ടിൽ ലോൺ തുക ലഭ്യമായെന്നുറപ്പാക്കിയശേഷം മാത്രം സബ്സിഡി തുക നൽകണമെന്നിരിക്കെ, അക്കാര്യം ഉറപ്പാക്കാതെ പദ്ധതി തുക ചെലവഴിച്ചത് ക്രമവിരുദ്ധ നടപടിയാണ്. ആയതിനാൽ ക്രമനം. 1,2,3

എന്നിവകൾക്ക് നൽകിയ പദ്ധതി തുക **746125 ( 224500+273750+247875) രൂപ** ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സംരംഭങ്ങൾ കാലവിളംബം കൂടാതെ ആരംഭിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ആസൂത്രണത്തിലെ പിഴവ് - പ്രോജക്ട് നടപ്പായില്ല

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ മണ്ണാറമല അങ്കണവാടി, (നം.118), പറയനാലി അങ്കണവാടി ( നം.57) എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിച്ച് പമ്പിംഗ് സ്കീം നടപ്പാക്കാനായി ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ എസ്റ്റിമേറ്റ് പ്രകാരം 365000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും (വൗച്ചർനം XVFC/2024-25/P/10,23-12-2024) ഭൂജല ജില്ലാ ഓഫീസിൽ ഒടുക്കിയിരുന്നു. എന്നാൽ ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ 29-4-2025-ലെ നം. എ4-SO045/24-25 കത്ത് പ്രകാരം മണ്ണാറമല അങ്കണവാടി, (നം.118) പദ്ധതി പ്രദേശത്ത് കുഴൽകിണർ നിർമ്മാണ യൂണിറ്റ് എത്തിച്ചേരാത്തതിനാൽ നിർമ്മാണം സാധ്യമായിട്ടില്ലെന്നും, പറയനാലി അങ്കണവാടിക്ക് (നം. 57) കുഴൽകിണർ ആവശ്യമില്ലായെന്നും, നിലവിൽ പൈപ്പ് കണക്ഷൻ ഉണ്ടെന്നും വാർഡ് മെംബർ രേഖാമുലം അറിയിച്ചിട്ടുണ്ടെന്നും, വ്യക്തമാക്കിയിരിക്കുന്നു.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)84/2022/ തസ്വഭവ 19-4-2022) ഖ.3-5(1) പ്രകാരം ഓരോ പ്രോജക്ടും ഡാറ്റാ എൻട്രി ചെയ്യുന്നതിനു മുൻപ് പ്രോജക്ട് സാങ്കേതിക ക്ഷമത ഉള്ളതും പ്രായോഗികമായി നടപ്പാക്കാവുന്നതും ആണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് ആവിഷ്കരിച്ചതുമൂലം അംഗീകാരം ലഭിച്ച പ്രോജക്ട് നടപ്പാക്കാൻ സാധിക്കാതെ വരികയും, വകയിരുത്തിയ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്തു. പദ്ധതി ആസൂത്രണ വേളയിൽ ഗ്രാമപഞ്ചായത്തുമായി കൂടിയാലോചന നടത്തുകയോ, കുഴൽ കിണർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ ആവശ്യകത ആരായുകയോ ചെയ്യാതിരുന്നതിനാലാണ് പൈപ്പ് കണക്ഷൻ ഉള്ള അങ്കണവാടിക്കുവേണ്ടി വീണ്ടും കുഴൽകിണറിനായി തുക ഒടുക്കിയത്. കുഴൽകിണർ നിർമ്മാണയൂണിറ്റ് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള അങ്കണവാടിയിൽ ജലലഭ്യത ഉറപ്പാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും, ഡെപ്പോസിറ്റ് ചെയ്ത തുക പ്രോജക്ട് നടപ്പാക്കാത്തതിനാൽ ക്രമീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 യോഗ മിനിട്ട്സ് അംഗീകാരത്തിന് സമർപ്പിക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി |
|---|---|---|---|
| 1 | 20-04-2024 | 28-05-2024 | 28-05-2024 |
| 2 | 17-05-2024 | 11-06-2024 | 11-06-2024 |
| 3 | 22-05-2024 | 11-06-2024 | 11-06-2024 |
| 4 | 15-06-2024 | 13-08-2024 | 13-08-2024 |
| 5 | 08-07-2024 | 23-08-2024 | 23-08-2024 |
| 6 | 5-08-2028 | 13-09-2024 | 13-09-2024 |
| 7 | 04-09-2024 | 24-10-2024 | 24-10-2024 |
| 8 | 13-09-2024 | 24-09-2024 | 24-09-2024 |
| 9 | 3-102024 | 24-10-2024 | 24-10-2024 |
| 10 | 29-10-2024 | 29-11-2024 | 29-11-2024 |

| | | | |
|---|---|---|---|
| 11 | 12-11-2024 | 4-12-2024 | 04-12-2024 |
| 12 | 27-11-2024 | 21-12-2024 | 21-12-2024 |
| 13 | 09-12-2024 | 06-01-2025 | 06-01-2025 |
| 14 | 26-12-2024 | 21-01-2025 | 21-01-2025 |
| 15 | 24-01-2025 | 15-03-2025 | 15-03-2025 |
| 16 | 15-02-2025 | 13-03-2025 | 13-03-2025 |
| 17 | 21-02-2025 | 09-04-2025 | 09-04-2025 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (15/30-6-2025) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. യോഗനടപടി ക്രമങ്ങളുടെ മിനിട്ട്സ് നിയമം അനുശാസിക്കുന്ന പരിധിയിൽ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 കേരളോൽസവം ചെലവ് തുക പൂർണ്ണമായും പ്രോജക്ടിൽ ഉൾപ്പെടുത്തിയില്ല

2024-25 സാമ്പത്തിക വർഷം കേരളോൽസവം നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രോജക്ട് ആവിഷ്കരിക്കുകയും വികസന ഫണ്ടിൽ നിന്നും 75000 രൂപ വകയിരുത്തുകയും, 73089 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കേരളോൽസവം നടത്തിപ്പുമായി ബന്ധപ്പെട്ട് ആകെ 173089 രൂപ ചെലവുണ്ടായിരുന്നു. ആയതിൽ 100000 രൂപ തനത് ഫണ്ടിൽ നിന്നും, ബാക്കി 73089 രൂപ വികസന ഫണ്ടിൽനിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ഉൾപ്പെടുത്തി മാത്രമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. വകയിരുത്തിയ എല്ലാ ഫണ്ടുകളും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിനും, ചെലവുകൾ പ്രോജക്ട് മുഖേനയായിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള പദ്ധതിക്ക് തുക വിനിയോഗിച്ചു

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് 2007-08-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 292312 രൂപ ചെലവഴിച്ച് പൂർത്തീകരിച്ച ചെറുകോൽ ഗ്രാമപഞ്ചായത്തിലെ നായിപ്രക്കരോട്ട് കോളനി കുടിവെള്ള പദ്ധതി നിലവിലും പ്രവർത്തനക്ഷമമല്ല. പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം 238342 രൂപ വീണ്ടും ബ്ലോക്ക് പഞ്ചായത്ത് വിനിയോഗിച്ചിട്ടും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | നായിപ്രക്കരോട്ട് കോളനി കുടിവെള്ള പദ്ധതി ജലസ്രോതസ്സ് നവീകരണവും മെയിന്റനൻസ് പ്രവർത്തനങ്ങളും (45/24, 95/25) |
| വകയിരുത്തിയ തുക, ഫണ്ടിനം | ₹268000 - വികസന ഫണ്ട് |
| ചെലവഴിച്ച തുക | ₹238342 |
| ബിൽ നമ്പരും തീയതിയും | 397/06-03-2025 |
| എഗ്രിമെന്റ് തീയതി | 11/AE/LSGD/EBP/23-24 Dtd 26-12-2023 |
| കരാറുകാരന്റെ പേര് | ശ്രീ. ശ്രീകുമാർ.പി |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | അസ്സിസ്റ്റന്റ് എൻജിനീയർ |

നായിപ്രക്കരോട്ട് കോളനി കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നവീകരണവും മെയിന്റനൻസ് പ്രവർത്തനങ്ങളുമാണ് പ്രോജക്ടിന്റെ ഭാഗമായി നടത്തിയത്. ജലസ്രോതസ്സായ കുളത്തിലെ ചെളിയും അഴുക്കും നീക്കം ചെയ്യുകയും കുളത്തിന് ഗ്രിൽ സ്ഥാപിക്കുകയും നിലവിലുള്ള പമ്പ് ഹൗസ് നവീകരിക്കുകയും റൂഫ് ടോപ്പ് ലീക്കേജ് പരിഹരിക്കുക, യാർഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികളാണ് നടത്തിയത്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25-03-2023-ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരമാണ് പ്രോജക്ടിന് ഭരണാനുമതി നൽകിയത്.

പ്രോജക്ടിന്റെ ഭാഗമായി നടത്തിയ ഭൗതിക പരിശോധനയിൽ കുടിവെള്ള പദ്ധതി നിലവിൽ

പ്രവർത്തന യോഗ്യമല്ലെന്നും ജലസ്രോതസ്സ് കുടിവെള്ളമായി ഉപയോഗിക്കാൻ പര്യപ്തമല്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ജലസ്രോതസ്സ് പാരപ്പറ്റ് കെട്ടി ഗ്രില്ലിട്ട് സംരക്ഷിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളമായി ഉപയോഗിക്കാൻ പര്യാപ്തമല്ലാത്തതിനാൽ ആയത് ശുദ്ധീകരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് പദ്ധതി ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് എൻജിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ (നമ്പർ-45/24 തീയതി 31-01-2025) വ്യക്തമാക്കിയിട്ടുണ്ട്.

പമ്പാ ഇറിഗേഷൻ വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിന് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത സാഹചര്യത്തിലാണ് പദ്ധതി 2007-08 വർഷം പൂർത്തീകരിച്ചിട്ടും പ്രവർത്തനക്ഷമമാകാതിരുന്നത്. ലക്ഷങ്ങൾ മുടക്കിയിട്ടും പദ്ധതി പ്രവർത്തനക്ഷമമാകാത്തത് 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-1 ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പരാമർശം 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാകാത്തതിന്റെ അടിസ്ഥാന പ്രശ്നമായ പമ്പ് ഹൗസിന് വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സായ കുളവും പമ്പ് ഹൗസും നിൽക്കുന്ന സ്ഥലവും ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്ത് കിട്ടുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാകുകയോ ചെയ്തിട്ടില്ല.



കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സും പമ്പ് ഹൗസും

പദ്ധതി കമ്മീഷൻ ചെയ്യാതെ വീണ്ടും പ്രസ്തുത പ്രവൃത്തിക്കായി ബ്ലോക്ക് പഞ്ചായത്ത് തുക വിനിയോഗിച്ചത് ഏത് സാഹചര്യത്തിലാണെന്ന് ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.13/30-06-2025) നൽകിയിരുന്നു. പദ്ധതിയുടെ ഉപയോഗം ലഭിക്കേണ്ടിയിരുന്നത് നായിപ്രകരോട്ട് പട്ടികജാതി സങ്കേതത്തിലെ പതിനഞ്ച് കുടുംബങ്ങൾക്കാണെന്നും നിലവിൽ അവർക്ക് മറ്റൊരു ജലസ്രോതസ്സ് ലഭ്യമാകാത്ത സാഹചര്യത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയുമായി മുന്നോട്ട് പോകുന്നതെന്നുമാണ് അറിയിച്ചത്. ഭരണസമിതിയുടെ 21-02-2025-ലെ 7(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം 2025-26 സാമ്പത്തിക വർഷം നിലവിൽ ജീർണ്ണാവസ്ഥയിലുള്ള ടാങ്ക് കൂടി പൊളിച്ചുമാറ്റി ആധുനികരീതിയിലുള്ള പുതിയ ടാങ്ക് സ്ഥാപിക്കുന്നതിനായി പ്രോജക്റ്റ് ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും പദ്ധതി ഫലപ്രദമായി നടപ്പാക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് നായിപ്രക്കരോട്ട് കുടിവെള്ള പദ്ധതിക്കായി രൂപ വിനിയോഗിച്ചുവെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല. അടിസ്ഥാന പ്രശ്നമായ പമ്പ് ഹൗസിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തത് പരിഹരിക്കുന്നതിനാണ് ഭരണസമിതി ആദ്യം നടപടിയെടുക്കേണ്ടത്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ എല്ലാവിധ നടപടികളും ഭരണസമിതി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനക്ഷമമാകാത്ത പക്ഷം ചെലവ് തുക ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-20 കരാർ കാലയളവ് ദീർഘിപ്പിച്ച് വാങ്ങാത്ത കരാറുകാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകേണ്ടതും, കരാർ കാലാവധി നീട്ടികൊടുക്കുമ്പോൾ അനുബന്ധ കരാർ (Supplementary Agreement) വയ്ക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അവർക്ക് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് എന്ന നിലയിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പൂർത്തിയാക്കിയ തീയതി | കാലതാമസം (ആഴ്ചയിൽ) | ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജ് തുക |
|---|---|---|---|---|
| നായിപ്രക്കരോട്ട് കോളനി കുടിവെള്ള പദ്ധതി – ജലസ്രോതസ് നവീകരണം (45/24, 95/25)<br>അടങ്കൽ തുക - ₹312542 (Plan Fund-Gel)<br>കരാർ നമ്പർ- 11/ AE/LSGD/EBP/23-24 Dtd 26-12-2023<br>കരാർ കാലാവധി - 6 മാസം<br>കരാറുകാരന്റെ പേര് - ശ്രീ. ശ്രീകുമാർ.പി<br>കരാർ തുക- ₹247454<br>ചെലവ് തുക- ₹238343 ട (ബിൽ നം-397/06-03-2025 ) | 22-06-2024 | 11-02-2025 | 33 | 8166 |
| കുരങ്ങുമല സ്റ്റേജ് നവീകരണം – പൂർത്തീകരണം | 23-07-2024 | 10-02-2025 | 29 | 2093 |

| | | | | | |
|---|---|---|---|---|---|
| (126/24, 94/25)<br>അടങ്കൽ തുക - ₹100000 (Plan Fund-SCP)<br>കരാർ നമ്പർ- 15/ AE/LSGD/EBP/23-24 Dtd 23-01-2024<br>കരാർ കാലാവധി - 6 മാസം<br>കരാറുകാരന്റെ പേര് - അബ്രഹാം തോമസ്<br>കരാർ തുക - ₹72190<br>ചെലവ് തുക- ₹65169 (ബിൽ നം- 363 /20-02-2025 ) | | | | | |

കരാറുകാരനിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 9/25/27-06-2025) നൽകിയിരുന്നു. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന 10259 രൂപ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടുകൾ - നിർദ്ദേശം പാലിച്ചില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09-04-2023-ലെ സ.ഉ(കൈ)നം.90/2023 നമ്പർ ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമാണ് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. തനത് ആസ്തികളുടെ നിർമ്മാണത്തിനും അവയുടെ പരിപാലനത്തിനും യാതൊരു കാരണവശാലും പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കരുതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 2.8(iii) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് മാത്രം ഇളവ് അനവദിച്ചിട്ടുണ്ട്. എന്നാൽ ആയതിന് വിരുദ്ധമായി ചുവടെ പറയുന്ന പ്രോജക്ടുകൾ അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രം നം. | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവ് തുക |
|---|---|---|
| 1 | വിർച്ച്വൽ ക്ലാസ്സ് റും മെയിന്റനൻസ് (100/25) | 28352 |
| 2 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് വാൾ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും (134/25) | 37500 |

പ്രസ്തുത അപാകതക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-17/30-06-2025) നൽകിയിരുന്നു. മറ്റ് ഫണ്ടുകളുടെ അപര്യാപ്തത, പ്രോജക്ട് പൂർത്തീകരിക്കേണ്ടതിന്റ അടിയന്തിര പ്രാധാന്യം എന്നിവ പരിഗണിച്ചാണ് ടി പ്രോജക്ടുകൾ

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പൂർത്തീകരിക്കേണ്ടി വന്നതെന്നാണ് ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പ്രോജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 തിരികെ ലഭിച്ച വികസന ഫണ്ട് സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചില്ല

2016-17 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും കുടിവെള്ള പദ്ധതിയ്ക്കായി ജല അതോറിറ്റിയിൽ നിക്ഷേപിച്ച 15 ലക്ഷം രൂപയിൽ 1289045 വിനിയോഗിച്ച ശേഷം തിരികെ ലഭ്യമായ ബാക്കി 210955 രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-23 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിന് സ.ഉ(സാധാ)നം. 1625/2023/തസ്വഭവ, തീയതി 09-08-2023 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ സ്കീം 2 പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വ്യക്തമാക്കിയിരുന്നത്. പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുക എന്നുള്ളതാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യം. സി.എച്ച്.സി -ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ നടന്നുവരുന്നുണ്ട്.

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് വകയിരുത്തി 11 പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്ക്കരിച്ചത്. ഇതിൽ നാല് പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ഏഴ് പ്രോജക്ടുകൾ 2025-26 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി സ്പിൽ ഓവറാക്കുകയും ചെയ്തിട്ടുണ്ട്. 31-03-2025 വരെ പലിശ ഉൾപ്പെടെ ഹെൽത്ത് ഗ്രാന്റിനത്തിൽ 5602236 രൂപയാണ് ലഭിച്ചത്. ഇതിൽ 1651502 രൂപ ചെലവഴിക്കുകയും 3950734 രൂപ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 40675101036297, കേരള ഗ്രാമീൺ ബാങ്ക് - ഇലന്തൂർ) അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് 2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| | Grant For Rural Health & Wellness Centres | 2550000 | 0 | 2895000 + 157236 (ആകെ പലിശ) | 5602236 | 0 | 649865 | 1001637 | 1651502 | 3950734 |
| | ആകെ | 2550000 | 0 | 3052236 | 5602236 | 0 | 649865 | 1001637 | 1651502 | 3950734 |

2) സ്കീം 2 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|---|
| 1 | ഇലന്തൂർ- സി.എച്ച്.സി-യിലേക്ക് വിവര | 550000 | 0 | ബ്ലോക്ക് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | സാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ (87/23) | | | സെക്രട്ടറി |
| 2 | ഇലന്തൂർ സി.എച്ച്.സി കെട്ടിട നവീകരണം (88/23) | 1000000 | 0 | അസ്സിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി) |
| 3 | ഇലന്തൂർ സി.എച്ച്.സി ലാബ് ഉപകരണങ്ങൾ വാങ്ങലും സൗകര്യം ഏർപ്പെടുത്തലും ( 89/23) | 1000000 | 0 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 4 | ഇലന്തൂർ- സി.എച്ച്.സി-യിലേക്ക് വിവര സാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ (63/24) | 550000 | 347279 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 5 | ഇലന്തൂർ സി.എച്ച്.സി കെട്ടിട നവീകരണം (80/24) | 1000000 | 0 | അസ്സിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി) |
| 6 | ഇലന്തൂർ സി.എച്ച്.സി ലാബ് ഉപകരണങ്ങൾ വാങ്ങലും സൗകര്യം ഏർപ്പെടുത്തലും ( 94/24) | 1000000 | 302586 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 7 | ഇലന്തൂർ സി.എച്ച്.സി കെട്ടിട നവീകരണം (138/25) | 800079 | 800079 | അസ്സിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി) |
| 8 | ഇലന്തൂർ- സി.എച്ച്.സി-യിലേക്ക് വിവര സാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ (140/25) | 202721 | 201558 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 9 | ഇലന്തൂർ സി.എച്ച്.സി ലാബ് ഉപകരണങ്ങൾ വാങ്ങലും സൗകര്യം ഏർപ്പെടുത്തലും (141/25) | 297414 | 0 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 10 | ഇലന്തൂർ സി.എച്ച്.സി - ഇലക്ട്രിഫിക്കേഷനും എയർകണ്ടീഷണർ സ്ഥാപിക്കലും (148/25) | 199921 | 0 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 11 | ഇലന്തൂർ സി.എച്ച്.സി - ക്യുബിക്കിൾ സ്ഥാപിക്കലും ഓഫീസ് സജ്ജീകരിക്കലും (150/25) | 200000 | 0 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| | ആകെ | 6800135 | 1651502 | |

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ടാക്സ് ഇനത്തിൽ ഈടാക്കിയ തുക ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക്

അടവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രികയിൽ ഹെൽത്ത് ഗ്രാന്റ് സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലന്തൂർ സി.എച്ച്.സി-യുടെ ലാബ് നവീകരിച്ച് ആധുനിക ഉപകരണങ്ങൾ സജ്ജമാക്കിയത് സ്ഥാപനത്തിനും പൊതുജനങ്ങൾക്കും ഉപകാരപ്രദമായിട്ടുണ്ട്. സി.എച്ച്.സി-യുടെ ഏറ്റവും പ്രധാന വരുമാനമാർഗ്ഗമാണ് ലാബിൽ നിന്നുള്ള വരവ്.

2024-25 സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 1700135 രൂപ വകയിരുത്തി അഞ്ച് പ്രോജക്റ്റുകൾ ആവിഷ്കരിച്ചിരുന്നു. ടി സാമ്പത്തിക വർഷം ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുക വിനിയോഗിച്ച് പ്രോജക്റ്റ് നടപ്പിലാക്കുന്നതിനും ശ്രമം ഉണ്ടായില്ല. പ്രോജക്റ്റ് നിർവ്വഹണം നടപ്പിലാകാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം-3/25-06-2025) നൽകിയിരുന്നു. സി.എച്ച്.സി-യിൽ പുതിയ കെട്ടിടനിർമ്മാണം നടക്കുന്നതിനാലാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. 31-03-2005-ൽ 3950734 രൂപ ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. 2025-26 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഉൾപ്പെടുത്തി ഒൻപത് പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 2025-26 സാമ്പത്തിക വർഷം ആവിഷ്കരിച്ച പ്രോജക്റ്റുകൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

മെഡിസെപ്പ് പ്രീമിയം ഒടുക്ക്(റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 28 | 28*500=14000 | 14000 | 0 | 0 |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ

പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | | | | | |

3 . മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 0 | | NIL | 0 | |

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | | NIL | | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വിഹിതം നൽകിയ സ്ഥാപനം | ചെലവ് തുക |
|---|---|---|---|
| 147 | പി.എം.എ.വൈ.ജി. ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ | ഗ്രാമപഞ്ചായത്ത് | 1934000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| *നിർവ്വഹണ* | *പ്രവൃത്തിയുടെ* | *ബിൽ നം./തീയതി* | *മുൻകൂർ* | *ചെലവഴിച്ച* | *ചെലവഴിക്കാൻ* |
|---|---|---|---|---|---|

| *ഏജൻസി* | *പേര്* | | *നൽകിയ തുക* | *തുക* | *ബാക്കിയുള്ള തുക* |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | അങ്കണവാടികളിൽ കുഴൽകിണർ നിർമ്മാണം (SO 78/24-25) | XVFC/2024-25/P/2, 08.10.2024 | 475000 | 0 | 475000 |
| | അങ്കണവാടികളിൽ കുഴൽകിണർ നിർമ്മാണം (SO 45/24-25) | XVFC/2024-25/P/10, 23.12.2024 | 365000 | 0 | 365000 |
| | | ബിൽനം.263/7-1-2025 | 27090 | 27090 | 00 |
| | | XVFC/2024-25/P/27, 22.03.2025 | 269000 | 0 | 269000 |
| | | XVFC/2024-25/P/23, 12.03.2025 | 283000 | 0 | 283000 |
| | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടത്തിന് കുഴൽകിണർ നിർമാണവും പമ്പിംഗ് സ്കീം നടപ്പാക്കലും (SO 124/24-25) | XVFC/2024-25/P/22, 11.03.2025 | 57935 | 1935 | 56000 |
| കെ.എസ്.ഇ.ബി | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി (SO 53/24-25) | RBI2512486075278, 06.09.2024 | 134142 | 0 | 134142 |
| | | RBI2512486075277, 12.02.2025 | 199943 | 0 | 199943 |
| | | RBI3322453321718, 26.11.2024 | 18868 | 0 | 18868 |
| | | RBI0742501390004, 13.03.2025 | 498357 | 0 | 498357 |
| | | RBI0742501341323, 13.03.2025 | 150429 | 0 | 150429 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട ഏജൻസികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

**ഇല്ല**

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | റിപ്പോർട്ട് വർഷം | | | |
| 2007-08 | 3-1 | 2010-11 | 5.2.16(1) | നായിപ്രകരോട്ട് ശുദ്ധജലവിതരണ പദ്ധതി | പദ്ധതി പൂർത്തീകരിക്കുന്നതിന് 2024-25 വർഷം തുക ചെലവഴിച്ചുവെങ്കിലും കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | | 2013-14 | 5.3.5.14 | സംരഭക/പരിശീലന പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ | സമിതിയുടെ പരിഗണനയിലാണ് |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | | 2013-14 | 5.3.5.13 | തൊഴിൽ പരിശീലന പദ്ധതികൾ – തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നില്ല- ഡ്രൈവിംഗ് പരിശീലനം - സ്വയം തൊഴിൽ ഉറപ്പ് വരുത്തിയില്ല | സമിതിയുടെ പരിഗണനയിലാണ് |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | | 2013-14 | 5.3.5.16 | സർക്കാർ ഉത്തരവുകൾ/ സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ച് പദ്ധതികൾ നടപ്പാക്കുന്നു | സമിതിയുടെ പരിഗണനയിലാണ് |
| (മറ്റ് പരാമർശങ്ങൾ) | | 2003-04 | LFAC 2021-23 39th Report 10/08/2023 Para-144 | നാരങ്ങാനം പഞ്ചായത്ത് - അതുല്യാ ആർട്ട്സ് ക്ലബ് കെട്ടിട നിർമ്മാണം- അംഗീകരിക്കാത്ത തുക (₹50475) | മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു. കൂടാതെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതും, മറുപടി യഥാസമയം ലഭ്യമാക്കാതിരുന്നതും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീറ്റ് & പേയ്മെന്റ് പ്രകാരം) | 76438785 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം) | 67629279 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 746125 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 746125 | ശ്രീ. ദീപു, വ്യവസായ വികസന ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ദീപു ജെ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | ദീപ്തി, വാഴമുട്ടം പി ഒ ഓമല്ലൂർ, പത്തനംതിട്ട 689647 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *റിപ്പോർട്ട് നമ്പർ* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ* |
|---|---|---|
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി.5/701/02/ 09.12.05/25.03.06 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.3/525/08/ 06.05.09/30.06.09 | 1 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.3/646/09/ 31.05.10/20.08.10 | 3 |
| 2009-10-2010-11 | എൽ.എഫ്.പി.റ്റി.എ.പി.2/153/13/ 10.04.13/05.08.13 | 2 |
| 2011-12–2012-13 | എൽ.എഫ്.പി.റ്റി.എ.പി.2/212/14/ 31.05.10/08.10.14 | 3-9,3-12,3-13 ഒഴികെ എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി.2/123/15/04.05.2015 | 5 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.2/101116/19.09.2016 | 6 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.13/203/17/03.04.2017 | 5 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.12/1297/17/ 07.12.2017 | 13 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.12/334/19/09.05.2019 | 6 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.12/859/19/10.10.19 | 1-9, 1-10, 1-11, 1-13 മുതൽ 1-23 വരെ, 4-2, 4-3 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.12/904/21/23.01.2022 | 3 (1-9, 1-13, 1-14) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി.12/905/21/23.01.2022 | 9 (1-9, 1-10, 1-11, 1-12, 1-14,1 -15, 1-18, 1-19, 3-1) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി.12/223/23/29.03.2023 | 16 |
| 2022-23 | കെ.എസ്.എ.പി.റ്റി.എ.പി.12/714/23/16.10.23 | 5 (1-9, 1-10, 1-11, 1-14, 1-16) |
| 2023-24 | കെ.എസ്.എ.പി.റ്റി.എ.പി.12/661/24/12.07.24 | 5 (1-10, 1-11, 1-12, 1-13, 1-14) |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 14-05-2025 and submitted on 06-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the ELANTHOOR Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of ELANTHOOR Block Panchayat as on 31-03-2025

**Date: 18/07/2025** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of ELANTHOOR Block Panchayat for the Year 2024-2025.

### 1.Major Observations

Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

### 2.Other Observations

1. The Mandatory Financial Statements prescribed in Rule 62 of the Kerala Panchayat Raj Accounting Rules 2011 are not included with the AFS. eg. Ratios

2. Cash Flow Statement - Net Decrease in cash flow does not match with the difference between opening balance and closing balance of cash and cash

equivalents.

3. The bank accounts opened in the name of the Block Development Officer for NREGS, MPLAD, UCO Bank account are not included in the Annual Financial Statement.

4. The amount shown in the Sulekha Expenditure Statement for Gram Panchayat Share, District Panchayat Share, and Block Panchayat Share for joint projects does not match with the amount of expenditure as per the annual financial statement.

5. As per Schedule B11(a) of the Annual Financial Statement, CAPITAL WORK IN PROGRESS is Rs. 100000. However, as per the report of the Assistant Engineer, the part bill amount is Rs. 946983.

6. Lapsed deposits have not been forfeited and transferred to the revenue head concerned.

7. Rs. 149 received as Unspent Balance in Untied Grant is not included in the Annual Financial Statement. Therefore, there is a difference of Rs. 149 in the grant statement and Schedule B4.

8. The accuracy of the amount as per Schedule B18 is not ascertained as the utilization certificate or completion certificate of the amounts deposited with KWA and KSEB for deposit works has not been provided.

9. As per Schedule B18, the amount deposited in the Ground Water Department remains to be utilized at Rs. 19,19,396. However, a utilization certificate of Rs 4,71,396 has been received for the year 2024-25 out of the amount invested. The Rs 14,48,000 invested last year still remains to be spent.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്